പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.1057.

11.2.2016-ൽ
മറുപടിയ്ക്ക്

## സർക്കാർ കോളേജുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ. | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാതെ എത്ര സർക്കാർ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്;അവ ഏതെല്ലാം ;ഇതിൽ പുതുതായി ആരംഭിച്ച കോളേജുകൾ എത്ര ; | (എ) | സ്വന്തമായി കെട്ടിടമില്ലാത്ത 24 സർക്കാർ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. പുതുതായി ആരംഭിച്ച പ്രസ്തുത 24 കോളേജുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്ത് സർക്കാർ കോളേജുകളിൽ നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് അറിയിക്കാമോ; ആകെ തസ്തികകളുടെ എണ്ണമെത്ര; ഒഴിവുള്ള തസ്തികകളുടെ കണക്ക് റവന്യൂ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ; | (ബി) | കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ആകെയുള്ള 4846 തസ്തികകളിൽ 682 ഉം , സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ആകെയുള്ള 7369 തസ്തികകളിൽ 698 തസ്തികകളും ഒഴിഞ്ഞു കിടക്കുന്നുണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പിൽ അനധ്യാപക തസ്തികകൾ ജില്ലാടിസ്ഥാനത്തിലും അധ്യാപക തസ്തികകൾ സംസ്ഥാന തലത്തിലുമാണ് നിയമനം നടത്തുന്നത്. ആയതിന്റെ കണക്ക് റവന്യൂ ജില്ലാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ഒഴിവുള്ള തസ്തികകളുടെ റവന്യൂ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>1. തിരുവനന്തപുരം –58<br>2. കൊല്ലം –13<br>3. ആലപ്പുഴ –28<br>4. പത്തനംതിട്ട –19.<br>5. കോട്ടയം –29<br>6. ഇടുക്കി – 21<br>7. എറണാകുളം –28<br>8. തൃശ്ശൂർ –31.<br>9. പാലക്കാട് –29<br>10. മലപ്പുറം –32<br>11. കോഴിക്കോട് –29<br>12. വയനാട് –18.<br>13. കണ്ണൂർ – 26<br>14. കാസർഗോഡ് –13. |

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എല്ലാ ഒഴിവുകളും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.ശേഷിക്കുന്ന ഒഴിവുകൾ എല്ലാം സ്റ്റേറ്റ് വൈസ് നിയമനങ്ങളാണ്.

| | |
|---|---|
| (സി) പുതുതായി അനുവദിച്ച സർക്കാർ കോളേജുകളിൽ അധ്യാപക-അനധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ടോ ; വിശദമാക്കാമോ; പ്രസ്തുത തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോ ? | (സി) പുതുതായി അനുവദിച്ച സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ 471 അധ്യാപക/ പ്രിൻസിപ്പാൾ തസ്തികകളും 364 അനധ്യാപക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. പുതിയ തസ്തിക സൃഷ്ടിച്ചതുമൂലമുണ്ടായ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സിയിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകി വരുന്നു. പുതിയ കോളേജുകളുടെ സുഗമമായ പ്രവർത്തനത്തിന് വേണ്ടി അത്യാവശ്യ തസ്തികകളിൽ സ്ഥലംമാറ്റം മൂലം നിയമനം നടത്തിയിട്ടുണ്ട്. പുതുതായി സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ ഒന്നും തന്നെ അനുവദിച്ചിട്ടില്ല. എന്നാൽ ,സർക്കാർ മേഖലയിൽ ആരംഭിച്ച 6 പോളിടെക്നിക് കോളേജുകൾക്ക് വേണ്ടി 6 സീനിയർ ക്ലാർക്ക് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

1 എസ്.ആർ.വി. മ്യൂസിക് കോളേജ്, തൃശ്ശൂർ.
2 ഗവണ്മെന്റ് വിമൻസ് കോളേജ്, മലപ്പുറം.
3 ഗവണ്മെന്റ് കോളേജ്, കരുനാഗപ്പള്ളി.
4. ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, കുളത്തൂർ, നെയ്യാറ്റിൻകര.
5. ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, മലയിൻകീഴ്
6. ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, ഇലന്തൂർ
7. ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, ഒല്ലൂർ
8. ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, നാദാപുരം
9. ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, കുന്ദമംഗലം
10. ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, ചൊക്ലി
11. ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, പെരിങ്ങോം, പയ്യന്നൂർ
12. ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, ഉദുമ
13. ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, തവനൂർ
14. ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, കോങ്ങോട്
15. ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, ചേലക്കര, തൃശ്ശൂർ
16. ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, പാലക്കാട്
17. ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, താനൂർ.
18. ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, കൊണ്ടോട്ടി
19. ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, മങ്കട
20. ഗവണ്മെന്റ് കോളേജ് ,ബാലുശ്ശേരി
21. ഗവണ്മെന്റ് കോളേജ്, കൊടുവള്ളി.
22. ഗവണ്മെന്റ് കോളേജ്, അട്ടപ്പാടി
23. ഗവണ്മെന്റ് പോളിടെക്നിക് കോളേജ്, കടുത്തുരുത്തി.
24. ഗവണ്മെന്റ് പോളിടെക്നിക് കോളേജ്, വെച്ചൂചിറ.

സെക്ഷൻ ഓഫീസർ